**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** **11-02-2025 - ൽ മറുപടിയ്ക്ക്**

**ആഴക്കടൽ മത്സ്യബന്ധന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആഴക്കടൽ മത്സ്യബന്ധന പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് PMMSY 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന യാനത്തിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. സബ്സിഡി കഴിഞ്ഞ് ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും Chief Minister's Entrepreneurship Development |

Programme (CMEDP) ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവാകുകയും അധിക ഗ്രാന്റ് ആയി 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തു.

കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ രജിസ്ട്രേഷൻ, ഇൻഷുറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ക്ഷേമ സഹകരണ സംഘങ്ങൾക്ക് നൽകുകയും അവർ മത്സ്യബന്ധനം നടത്തി വരികയും ചെയ്യുന്നു. പ്രസ്തുത യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗുണഭോക്താക്കൾ ചൂണ്ടി കാണിച്ച സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ സമയബന്ധിതമായി ആവശ്യമായ ഇടപെടലുകൾ നടത്തുകയും പ്രസ്തുത യാനങ്ങൾ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ എത്തിച്ച CIFNET-ലെ വിദഗ്ധർ അടങ്ങുന്ന സംഘം സംയോജിത പരിശോധന നടത്തി പ്രശ്നങ്ങൾ പൂർണമായും പരിഹരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിന്നുള്ള 2 ഗുണഭോക്തൃ ഗ്രൂപ്പുകൾ ആഴക്കടൽ മത്സ്യബന്ധനം തുടർന്ന് നടത്തുന്നതിന് വിമുഖത കാണിക്കുകയും താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് ടി യാനങ്ങൾ കൈമാറുന്നതിന് സന്നദ്ധത അറിയിച്ചിട്ടുമുണ്ട്. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് പ്രസ്തുത രണ്ടു യാനങ്ങൾ കൈമാറുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

കൂടാതെ PMMSY (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക്/ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് യൂണിറ്റ് തുകയുടെ 40% മായ 48 ലക്ഷം രൂപയാണ് (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസഥാന വിഹിതം 19.2 ലക്ഷം രൂപ) ബാക്കി 72ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കൊച്ചിൻ ഷിപ്പ്യാർഡ് കൂടാതെ ഫിഷറീസ് വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണ ശാലകളിലും സ്വന്തം നിലക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ഇതിനായി PMMSY

| | | | |
|---|---|---|---|
| | | | മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണ ശാലകളിൽ നിന്നും Expression of Interest ക്ഷണിക്കുകയും അപ്രകാരം യോഗ്യതയുള്ള രണ്ടു യാന നിർമ്മാണ ശാലകൾ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്ത തിരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും എങ്കിൽ അതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല. PMMSY 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷുറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു മത്സ്യബന്ധനം നടത്തി വരുന്നു. പ്രസ്തുത യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗുണഭോക്താക്കൾ ചൂണ്ടി കാണിച്ച സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ സമയബന്ധിതമായി ആവശ്യമായ ഇടപെടലുകൾ നടത്തുകയും പ്രസ്തുത യാനങ്ങൾ കൊച്ചിൻ ഷിപ്പ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ എത്തിച്ച CIFNET-ലെ വിദഗ്ധർ അടങ്ങുന്ന സംഘം സംയോജിത പരിശോധന നടത്തി പ്രശ്നങ്ങൾ പൂർണമായും പരിഹരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിന്നുള്ള 2 ഗുണഭോക്തൃ ഗ്രൂപ്പുകൾ ആഴക്കടൽ മത്സ്യബന്ധനം തുടർന്ന് നടത്തുന്നതിന് വിമുഖത കാണിക്കുകയും താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് യാനങ്ങൾ കൈമാറുന്നതിന് സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് പ്രസ്തുത രണ്ടു യാനങ്ങൾ കൈമാറുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ച വരുന്നു. |
| (സി) | യാനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | യാനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന സാങ്കേതിക തകരാറുകൾ പരിഹരിച്ചിട്ടുണ്ട്. പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന (PMMSY) സ്കീം 2020-21 പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് വിതരണം ചെയ്ത ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ (DSFV) പ്രവർത്തനത്തിലെ പ്രശ്നങ്ങൾ സംയുക്തമായി പരിശോധിക്കുന്നതിന് മന്ത്രിതലത്തിൽ 06/11/2023-ൽ നടന്ന യോഗത്തിലെ നിർദ്ദേശ പ്രകാരം മത്സ്യഫെഡ്, ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥ |

സംഘം, കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ പ്രതിനിധികൾ, യാനത്തിൽ സ്ഥാപിച്ചിട്ടുള്ള എഞ്ചിൻ, ഫ്രീസർ, ജനറേറ്റർ എന്നിവയുടെ ചുമതലയുള്ള കമ്പനികൾ എന്നിവർ സംയുക്തമായി 13/11/2023, 29/11/2023- ൽ യാനങ്ങൾ പരിശോധിക്കുകയും അപ്പോൾ കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ കൊച്ചിൻ ഷിപ്പ്യാർഡിന് നൽകുകയും ചെയ്തിരുന്നു.

കൂടാതെ 16/01/2024-ലെ മന്ത്രിതല യോഗത്തിൽ യാനങ്ങളുടെ പ്രവർത്തനം കടലിൽ വച്ച് നേരിട്ട് വിലയിരുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നത് അനുസരിച്ച് ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23/01/2024 ന് CIFNET മായി ചർച്ച നടത്തുകയും 31/01/2024-ൽ CIFNET, Matsyafed, CSL-ലെ ഉദ്യോഗസ്ഥർ എന്നിവർ കൊല്ലം ജില്ലയിലെ St.Antony യാനത്തിൽ കടലിൽ വച്ചുള്ള പ്രവർത്തന പരിശോധന നടത്തുകയും ചെയ്തു യാനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് CIFNET മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ CSLനെകൂടി ഉൾപ്പെടുത്തി ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ 04/03/2024-ന് ചേർന്ന യോഗത്തിൽ വിലയിരുത്തി.

തുടർന്ന് 2024 ഓഗസ്റ്റ് മാസം 3 യാനങ്ങൾ CSL ന്റെ ഉടുപ്പി യാർഡിൽ എത്തിച്ച് CIFNET മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ അനുസരിച്ചുള്ള റീ കണ്ടിഷനിംഗ് വർക്കുകൾ പൂർത്തീകരിക്കുകയും 13/08/2024 ന് CIFNET ലെ വിദഗ്ധർ, ഗുണഭോക്താക്കൾ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ 'സീ ട്രയൽ' നടത്തി പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിച്ചതായി ബോധ്യപ്പെടുത്തി യാനങ്ങൾ ഗുണഭോകതാക്കൾക്ക് കൈമാറിയിട്ടുണ്ട്. തുടർന്നു മലപ്പുറം ജില്ലയിലെ രണ്ട് യാനങ്ങളും ഉടുപ്പി CSL ൽ എത്തിച്ച് റീ കണ്ടിഷനിംഗ് വർക്കുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ നിന്നുള്ള 2 ഗുണഭോക്തൃ ഗ്രൂപ്പുകൾ ആഴക്കടൽ മത്സ്യബന്ധനം തുടരുന്നതിന് വിമുഖത കാണിക്കുകയും താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് യാനങ്ങൾ കൈമാറുന്നതിന് സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് താല്പര്യമുള്ള മറ്റ് ഗ്രൂപ്പുകൾക്ക് പ്രസ്തുത രണ്ടു യാനങ്ങൾ

| |
|---|
| കൈമാറുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ